**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 3171**

07.02.2018-ൽ
**മറുപടിയ്ക്ക്**

**ഭവനനിർമ്മാണ സാമഗ്രികളുടെ ഉയർന്ന വില**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ. വി.ആർ.സുനിൽകുമാർ<br>ശ്രീമതി. സി.കെ. ആശ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവനനിർമ്മാണം തടസ്സപ്പെടുന്നതിനും പാതിവഴിയിൽ അവസാനിപ്പിക്കുന്നതിനും കാരണം ഭവനനിർമ്മാണ സാമഗ്രികളുടെ ഉയർന്ന വിലയും അവ സമയത്തിന് ലഭ്യമാകാത്തതുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ഭവന നിർമ്മാണത്തിനുള്ള സിമന്റ്, കമ്പി തുടങ്ങിയ ഉൽപ്പന്നങ്ങളുടേയും, മണൽ, ചല്ലി, തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെയും വില ദിനംപ്രതി വർദ്ധിച്ചു വരുന്നതും ശുദ്ധമായ മണലിന്റെ ലഭ്യത കുറയുന്നതുമാണ് ഭവന നിർമ്മാണം തടസ്സപ്പെടുന്നതിനും പാതിവഴിയിൽ അവസാനിക്കുന്നതിനും കാരണം. |
| (ബി) ഈ അവസ്ഥ പരിഹരിക്കുന്നതിന് ഏതെങ്കിലും പരിപാടികൾ സംസ്ഥാന ഭവനനിർമ്മാണ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ടോ; | (ബി) ഉണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വില വർദ്ധനവും കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കുറവും, വർദ്ധിച്ച കൂലിയും കാരണം കെട്ടിട നിർമ്മാണ ചെലവ് ദിനം പ്രതി വർദ്ധിച്ചു വരുന്നതിനാൽ, കെട്ടിട നിർമ്മാണത്തിന് നൂതന സാങ്കേതിക വിദ്യയായ പ്രീ ഫാബ്രിക്കേറ്റഡ് കെട്ടിട നിർമ്മാണ രീതി ഭവന നിർമ്മാണ ബോർഡ് പ്രയോജനപ്പെടുത്തി വരുന്നു. ഇതിന്റെ ഭാഗമായി ഭവന നിർമ്മാണ ബോർഡ് ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിയിൽ 24 ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുണ്ട്.<br>സ്ഥാന ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രങ്ങളായ 'കലവറ' വഴി ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ സൗജന്യ നിരക്കിൽ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതിനായി സർക്കാരിന്റെ കീഴിൽ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | എങ്കിൽ ഈ സ്ഥാപനങ്ങൾ ഏതെല്ലാം പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട് എന്നറിയിക്കാമോ? | (ഡി) | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രധാനമായും താഴെപ്പറയുന്ന പദ്ധതികൾ നടത്തി വരുന്നു.<br>1. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിൽ ഭവനനിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണനകേന്ദ്രങ്ങളായി വിവിധ ജില്ലകളിലായി 13 'കലവറകൾ' പ്രവർത്തിച്ച് വരുന്നു. ഇവിടെ നിന്നും 750 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ ഗുണഭോക്താവിന് സിമന്റ്, കമ്പി, എന്നിവ പൊതു വിപണിയിലെ വിലയേക്കാൾ 15% സൗജന്യ നിരക്കിൽ നൽകി വരുന്നു. ഒരു വ്യക്തിക്ക് പരമാവധി 500 കിലോഗ്രാം കമ്പികളും 50 ബാഗ് സിമന്റും കലവറകളിൽ നിന്നും ലഭിക്കുന്നതാണ്.<br>2. ഗുണനിലവാരമുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിൽ വിവിധ ജില്ലകളിലായി 8 പ്രൊഡക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.<br>3. ചെലവുകുറഞ്ഞ നൂതന കെട്ടിട നിർമ്മാണ വിദ്യ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി പ്രീ ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ